# MALANKARA CATHOLIC CHURCH

## ARCHDIOCESE OF TIRUVALLA

Most Rev. Dr. Thomas Mar Koorilos
Metropolitan Archbishop of Tiruvalla

Catholic Archbishop's House, Marygiri,
P. B. No. 4, Tiruvalla – 689 101.

Circular No.9/2015

3/12/2015

അഭിവന്ദ്യ പിതാക്കന്മാരേ, ബഹു. ജനറാളച്ചാ, വന്ദ്യ കോറെപ്പിസ്കോപ്പമാരേ, ബഹു. വൈദികരേ, ബഹു. സന്യസ്തരേ, പ്രീയപ്പെട്ട സഹോദരീ സഹോദരന്മാരേ,

ഹൈറേഞ്ച് മേഖലയിൽ കാരുണ്യവർഷത്തിന്റെ ഉദ്ഘാടനം ഡിസംബർ 13–ാം തീയ്യതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് നടത്തപ്പെടുന്നു. കുമിളി സെന്റ് മേരീസ് ദൈവാലയത്തിന്റെ വാതിൽ ആയിരിക്കും കരുണയുടെ കവടമായി തുറക്കപ്പെടുന്നത്. ഈ വാതിലിലൂടെ പ്രവേശിക്കുന്നവർക്കു പ്രത്യേക അനുഗ്രഹങ്ങളും പാപമോചനവും ദണ്ഡവിമോചനവും ലഭിക്കുന്നതാണ് എന്ന് മാർപാപ്പ പ്രഘോഷിച്ചിട്ടുള്ളത് ഓർക്കുമല്ലോ. നല്ല ഒരുക്കത്തോടെ കുമ്പസാരം നടത്തി പുണ്യജീവിതം തുടരാൻ ഈ പ്രതീകങ്ങൾ സഹായകമാകട്ടെ. ഈ ആഘോഷത്തിൽ പങ്കെടുക്കാൻ എല്ലാവരെയും ക്ഷണിക്കുന്നു. കുമളിയിലെയും സമീപപ്രദേശങ്ങളിലെയും ദൈവജനം ഇതിൽ പങ്കെടുക്കണം. മറ്റ് ഇടവകകളിൽ നിന്നും വികാരിഅച്ചന്മാർ, ട്രസ്റ്റി, സെക്രട്ടറി എന്നിവർ പങ്കെടുക്കേണ്ടതാണ്. ''ബലിയല്ല കരുണയാണ്'' ഞാൻ ആഗ്രഹിക്കുന്നത് എന്ന ക്രിസ്തുവിന്റെ പഠിപ്പിക്കൽ നമ്മുടെജീവിതത്തിൽ പകർത്താം. കരുണയുടെ മുഖം നമ്മിലൂടെ ലോകം ദർശിക്കട്ടെ!

ബഹുമാനപ്പെട്ട ഏബ്രഹാം നടുവിലേടത്ത് അച്ചനെ ഗിരിനാദം ബുള്ളറ്റിന്റെ ചുമതല ഏൽപ്പിച്ചിരിക്കുന്നവിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. രണ്ടുമാസത്തിലൊരിക്കൽ പുറത്തിറക്കുവനാണ് ആഗ്രഹിക്കുന്നത്. ആയതിനാൽ റിപ്പോർട്ടുകൾ മാസത്തിന്റെ 15–ാം തീയ്യതിയോടുകൂടി ഓഫീസിൽ എത്തിക്കണം. പ്രത്യേകിച്ചും ശുശ്രൂഷ മേഖലകൾക്കു (Departments) നേതൃത്വം വഹിക്കുന്നവർ ഈ കാര്യത്തിൽ സജീവമായി ശ്രദ്ധിക്കേണ്ടതും തങ്ങൾക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന സ്ഥാപനത്തിന്റെ / ശുശ്രൂഷയുടെ റിപ്പോർട്ടുകൾ നൽകേണ്ടതുമാണ്. എല്ലാവരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

സമാഗതമാകുന്ന ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ നേരുന്നു. കാരുണ്യവർഷത്തിൽ ദീനാനുകമ്പയുടെ പ്രവത്തനങ്ങൾ കൂടുതലായി ഉണ്ടാവണം. ദൈവം അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി,

✠ തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്, തിരുവല്ലാ അതിഭദ്രാസനം.

---

NB: ഈ സർക്കുലർ അടുത്ത ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കുന്ന കേന്ദ്രങ്ങളിലും പരസ്യമായി വായിക്കേണ്ടതാണ്.